# പ്രവർത്തകരോട്

## ഹൽഖാ അമീർ

**കാരുണ്യവാനായ** അല്ലാഹുവിന്റെ അളവറ്റ അനുഗ്രഹങ്ങളിലൊന്നാണ് പരിശുദ്ധ റമദാൻ. അവ നമ്മുടെ ആയുസ്സിലെ വസന്തകാലങ്ങളാണ്. ആത്മീയതയുടെ സൗരഭ്യം ആസ്വദിക്കാനുള്ള അസുലഭ അവസരമാണ്. നന്മകളുടെ പൂക്കാലമായ റമദാനെ സ്വീകരിക്കാൻ ലോകം മുന്നൊരുക്കങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. റജബ് മാസം മുതൽ തന്നെ വിശ്വാസികൾ റമദാനെ വരവേൽക്കാനുള്ള തയാറെടുപ്പുകൾ ആരംഭിക്കുന്നു. അല്ലാഹു നമ്മെ അനുഗ്രഹിക്കുമാറാകട്ടെ, പരിശുദ്ധ റമദാന്റെ മുഴുവൻ അനുഗ്രഹങ്ങളും ഏറ്റുവാങ്ങുന്നവരുടെ കൂട്ടത്തിൽ അല്ലാഹു നമ്മെ ഉൾപ്പെടുത്തുമാറാകട്ടെ! ആമീൻ.

വിശുദ്ധ ഖുർആന്റെ അവതരണമാസമാണല്ലോ പരിശുദ്ധ റമദാൻ. വിശുദ്ധ ഖുർആനിൽ അല്ലാഹു നമുക്ക് ധാരാളം ഉപമകൾ വിവരിച്ചുതന്നിട്ടുണ്ട്. ആശയങ്ങൾക്ക് വ്യക്തത ലഭിക്കാനും സന്മാർഗത്തിലേക്കുള്ള യാത്ര അനായാസകരമാക്കാനും ഉപമകൾ സഹായകമാണ്. “ജനങ്ങൾ ഉദ്ബുദ്ധരാകുന്നതിന് വേണ്ടിയാണ് നാം ഉപമകൾ എടുത്തുകാട്ടുന്നത്. പക്ഷേ അറിവുള്ളവർ മാത്രമേ അതിനെകുറിച്ച് ചിന്തിച്ച് മനസ്സിലാക്കൂ”(ഖുർആൻ-29:43). വിശുദ്ധ വചനത്തെ അല്ലാഹു നല്ല വൃക്ഷത്തോട് ഉദാഹരിച്ചിട്ടുണ്ട്. വേരുകൾ ഭൂമിയിൽ ആഴത്തിൽ ഊർന്നിറങ്ങിയ, ചില്ലകൾ ആകാശത്ത് പടർന്നു പന്തലിച്ച, പഴവർഗങ്ങളും ഫലങ്ങളും ദാനമായി നൽകുന്ന മനോഹരമായ വൃക്ഷം. നല്ല വൃക്ഷത്തിന്റെ വേരും തടിയും ഇലയും പഴവും തുടങ്ങി അതിന്റെ സർവ ഭാഗങ്ങളും മനുഷ്യർക്കും ജീവജാലങ്ങൾക്കും ഈ പ്രപഞ്ചത്തിന് തന്നെയും ഉപകാരപ്രദമാണ്. പരിശുദ്ധ റമദാനും ഇതിന് സമാനമാണ്. റമദാനെ ഒരു മാസമായിട്ടല്ല നാം സമീപിക്കേണ്ടത്. അതിന്റെ ഓരോ ദിനരാത്രങ്ങളും പ്രധാനപ്പെട്ടതാണ്. പകലുകളേക്കാൾ വിലയുള്ളതാണ് റമദാന്റെ രാത്രികൾ. ലൈലത്തുൽ ഖദ്ർ അതിന്റെ പ്രതീകമാണ്. റമദാന്റെ ഒരോ മണിക്കൂറും ഓരോ നിമിഷവും ഫലപ്രദമായി ഉപയോഗിക്കാനുള്ള ആസൂത്രണമാണ് ഇസ്‌ലാമിക പ്രവർത്തകർ നടത്തേണ്ടത്.

ഭൗതിക സുഖങ്ങളുടെ പെരുമഴക്കാലത്താണ് നാം ജീവിക്കുന്നത്. അതിന്റെ പ്രളയജലം നാട്ടിലും സമൂഹത്തിലും മാത്രമല്ല നമ്മുടെ വീട്ടുമുറ്റത്തും കാൽച്ചുവട്ടിലും തളംകെട്ടി നിൽക്കുകയാണ്. ഭൗതികതയുടെ അതിപ്രസരത്തിൽ നിലയില്ലാതെ മുങ്ങികൊണ്ടിരിക്കുന്നവരാണ് അധികവും. പലർക്കും തങ്ങൾ മുങ്ങിത്താണുകൊണ്ടിരിക്കുകയാണെന്ന ബോധംപോലും നഷ്ടപ്പെട്ടിരിക്കുന്നു. മുസ്‌ലിം സമൂഹവും ഇതിൽ നിന്ന് ഭിന്നമല്ല. റമദാൻ നമുക്ക് തിരിച്ചുപോക്കിന്റെ അവസരം കൂടിയാണ്. നമ്മെക്കുറിച്ചുതന്നെയുള്ള അന്വേഷണത്തിന്റെയും പുനരാലോചനയുടെയും സന്ദർഭം. നാം അല്ലാഹുവുമായി അകന്നുപോവുകയാണോ? ഖുർആന്റെ പാതയും നമ്മുടെ വഴിയും ഒന്നുതന്നെയാണോ? അന്വേഷണത്തിൽ മനസ്സ് സംതൃപ്തമാണെങ്കിൽ ആവേശത്തോടെ മുന്നോട്ടു കുതിക്കുക. വല്ല കാലിടറലുകളും സംഭവിച്ചിട്ടുണ്ടെങ്കിൽ വൈകാതെ തിരിച്ചുനടക്കുക. ജീവിതവ്യവഹാരങ്ങളുടെ തിരക്കുകളിൽ വർഷത്തിലൊരിക്കൽ ഒരു തിരിച്ചുനടത്തത്തിന് നമുക്ക് പ്രചോദനമേകുകയാണ് പരിശുദ്ധ റമദാൻ. തൗബയെന്ന പദം പ്രതിനിധാനം ചെയ്യുന്നതും ഈ ആശയമാണ്. “നിങ്ങളുടെ നാഥങ്കൽ നിന്നുള്ള പാപമോചനത്തിലേക്കും കാരുണ്യത്തിലേക്കും നിങ്ങൾ ത്വരിതഗമനം നടത്തുക” എന്ന് ഖുർആൻ നമ്മെ പഠിപ്പിക്കുന്നു. സ്വിയാമും (വ്രതം) ഖിയാമും (രാത്രിനമസ്കാരം) ഈ ത്വരിതഗമനത്തെ എളുപ്പമാക്കുന്ന ഇബാദത്തുകളാണ്. അല്ലാഹുവും നമ്മളും തമ്മിലുള്ള അകലം സൃഷ്ടിക്കുന്നതിൽ നമ്മുടെ മനോഭാവങ്ങളും ചിന്തകളും പ്രവർത്തനങ്ങളും വലിയ പങ്കാണ് വഹിക്കുന്നത്. അവയെയെല്ലാം തിരുത്താനുള്ള, അനഭിലഷണീയമായവയെ തുരത്താനുള്ള സന്ദർഭം കൂടിയാണ് റമദാൻ.

വ്രതം വിശ്വാസിയുടെ ശക്തിസ്രോതസ്സാണ്. അത് വൃഥാവിലുള്ള ആരാധനയല്ല. വ്രതം നമുക്ക് ക്ഷമ പ്രദാനം ചെയ്യുന്നു. ക്ഷമ വെളിച്ചമാണെന്ന് നബിവചനം. തഖ്‌വയാകുന്ന പാഥേയം കൈമുതലാക്കാൻ വ്രതം സഹായിക്കുന്നു. വിശുദ്ധഖുർആൻ നമ്മുടെ മുഴുജീവിതത്തിന്റെയും അച്ചുതണ്ടായി മാറാൻ റമദാൻ നമുക്ക് പ്രചോദനമാകണം. ഖുർആൻ പാരായണത്തിനും പഠനത്തിനും മനനത്തിനും സമയം കണ്ടെത്തണം. രാത്രിനമസ്കാരം നമ്മുടെ പ്രവർത്തനത്തിന്റെ ഇന്ധനമാണെന്ന് തിരിച്ചറിയണം.

അല്ലാഹുവോടുള്ള ബന്ധംപോലെ മനുഷ്യരോടുള്ള ബന്ധവും ദൃഢവും ഊടുറ്റതുമാണെന്ന് പ്രവർത്തകർ ഉറപ്പുവരുത്തണം. കുടുംബ-അയൽപക്ക-സുഹൃദ് ബന്ധങ്ങളിലെ ഇഴയടുപ്പം വർധിപ്പിക്കണം. വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ ആരെയെങ്കിലും മുറിവേൽപ്പിച്ചിട്ടുണ്ടെങ്കിൽ പ്രായശ്ചിത്തം ചെയ്യണം. മാതാപിതാക്കളോടുള്ള ബന്ധം പ്രത്യേകം ആത്മപരിശോധനക്ക് വിധേയമാക്കണം. പ്രവർത്തകർക്കിടയിൽ വന്നുഭവിച്ചേക്കാനിടയുള്ള മനഃപ്രയാസങ്ങളും അകൽച്ചകളും ഭംഗിയായി പരിഹരിക്കപ്പെടണം. അതിനായി മറ്റുള്ളവരെ വീട്ടുപടിക്കൽ കാത്തിരിക്കുന്നതിന് പകരം സ്വയം മുൻകൈയെടുക്കണം. പാവങ്ങളെ സഹായിക്കാനും ഇതര മതവിഭാഗങ്ങളുമായി അടുപ്പം പുലർത്താനും ഇബാദത്തുകൾ സഹായകമാകണം. ഇഫ്ത്വാറുകളും ദാനധർമങ്ങളും സകാത്ത്-ഫിത്വ്ർ സകാത്ത് സംരംഭങ്ങളും ഈദ്ഗാഹുകളും ഇതിനുള്ള വഴിയാകട്ടെ.

നമ്മുടെ മേഖലാപ്രവർത്തക സംഗമങ്ങൾ അവസാനിച്ച സന്ദർഭം കൂടിയാണ് ഇത്. കേരളത്തിലുടനീളം സന്ദർശിച്ച് പ്രവർത്തകരോടൊപ്പം സമയം ചെലവഴിച്ച അവസരമായിരുന്നു അവ. നമ്മുടെയും പോഷകസംഘടനകളുടെയും മുഴുവൻ നേതൃത്വവും ഒന്നിച്ച് പ്രവർത്തകരുടെ ഹൃദയവികാരങ്ങളെ അടുത്തറിയാൻ നടത്തിയ അല്ലാഹുവിന്റെ മാർഗത്തിലെ സഞ്ചാരം തന്നെയായിരുന്നു അത്. ഊർജസ്വലതയും കരുത്തും ഇസ്‌ലാമിക പ്രവർത്തകർക്കിണങ്ങിയ വിധത്തിൽ സ്വായത്തമാക്കിയ പ്രവർത്തകവ്യൂഹത്തെ എല്ലായിടത്തും കാണാൻ കഴിഞ്ഞതിൽ സന്തോഷമുണ്ട്. നേതൃത്വത്തിലുള്ള പുതിയ തലമുറയുടെ സാന്നിധ്യവും ശ്രദ്ധേയമാണ്. അല്ലാഹുവിന് സകല സ്തുതികളും. ഇസ്‌ലാമിക പ്രസ്ഥാനം പിന്നിട്ട വഴികളെ സംബന്ധിച്ച് ആത്മവിശ്വാസം നൽകുന്നതും, പ്രവർത്തനപാതയിൽ കാലത്തിനനുസരിച്ച മാറ്റത്തിന്റെ ആവശ്യകത വ്യക്തമാക്കുന്നതുമായിരുന്നു സമ്മേളനങ്ങളുടെ മുഖ്യ പ്രമേയം. സമ്മേളനങ്ങളിൽ ഊന്നിപറഞ്ഞകാര്യങ്ങൾ പ്രവൃത്തിപഥത്തിൽ വരുത്തുന്നതിന് പരമാവധി പ്രയത്നിക്കുക. നമ്മുടെ റമദാൻ പരിപാടികൾ വിജയിപ്പിക്കാൻ പരിശ്രമിക്കുക.

അല്ലാഹു സ്നേഹിക്കുന്ന, അല്ലാഹുവിനെ സ്നേഹിക്കുന്ന, അവന് പ്രിയപ്പെട്ട അടിമകളാകാനുള്ള നമ്മുടെ പരിശ്രമത്തിന് കരുത്ത് പകരുന്നതാകട്ടെ ഈ റമദാൻ. സ്വർഗമാണ് നമ്മുടെ ലക്ഷ്യസ്ഥാനം. 'റയ്യാൻ' എന്ന കവാടത്തിലൂടെ അതിൽ പ്രവേശിച്ച് പരസ്പരം കാണാനും ആഹ്ലാദം പങ്കിടാനും നമ്മെയെല്ലാവരേയും പടച്ചവൻ അനുഗ്രഹിക്കുമാറാകട്ടെ . ഏവർക്കും റമദാൻ മുബാറക്. ■